പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം<br>നം. 6537 | 08.11. 2016 ൽ മറുപടി<br>നല്കേണ്ടത്. |
|---|---|

# തിരുവനന്തപുരം മാനസികാരോഗ്യ കേന്ദ്രത്തിന്റെ ശോചനീയാവസ്ഥ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ. കെ. എം. മാണി** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) | തിരുവനന്തപുരം മാനസികാരോഗ്യ കേന്ദ്രത്തിലെ ശോചനീയാവസ്ഥയും അവിടത്തെ ശൗചാലയങ്ങൾ പ്രവർത്തനരഹിതമാകുന്നതും ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | എ) | ഉണ്ട്. |
| ബി) | എങ്കിൽ ഇത്തരം പ്രവർത്തന രഹിതമാകുന്ന ശൗചാലയങ്ങളെ പൂർവ്വസ്ഥിതിയിലാക്കുന്നതിന് ശാശ്വതമായ പരിഹാരമാർഗ്ഗം വിശദമാക്കുമോ; | ബി) | മാനസികരോഗികൾ കേടാക്കുന്ന ശൗചാലയങ്ങൾ അറ്റകുറ്റപ്പണി നടത്തി ഉപയോഗിച്ച് വരുന്നു. രോഗികളുടെ ഭാഗത്തുനിന്നും ഇത്തരം പ്രവർത്തനങ്ങൾ ഉണ്ടാകാതിരിക്കാൻ വേണ്ട മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ട്. കേടുപാടുകൾ സംഭവിച്ച ശൗചാലയങ്ങൾ താമസംവിനാ അറ്റകുറ്റപ്പണികൾ നടത്തി ഉപയോഗയോഗ്യമാക്കു ന്നുണ്ട്.അറ്റകുറ്റപ്പണികളിലൂടെ പരിഹരിക്കാൻ കഴിയാത്തവ മാറ്റി സ്ഥാപിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രത്യേക രീതിയിലുള്ള ശൗചാലയങ്ങൾ നിർമ്മിക്കുന്നതുവരെ ഈ മാർഗ്ഗങ്ങൾ തുടരുന്നതാണ്. |
| സി) | പുതിയ രീതിയിലുള്ള ശൗചാലയം രൂപകൽപ്പന ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; | സി) | 01-11-2016-ൽ തിരുവനന്തപുരം മാനസികാരോഗ്യ കേന്ദ്രം സൂപ്രണ്ട്പി.ഡബ്ല്യു.ഡി. വകുപ്പിലെ സൂപ്രണ്ടിംഗ് എഞ്ചിനീയർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ മുതലായ ഉദ്യോഗസ്ഥരുമായി നടത്തിയ ചർച്ചയിൽ പ്രത്യേക രീതിയിലുള്ള ശൗചാലയം നിർമ്മിക്കുന്നതിന് പി.ഡബ്ല്യു.ഡി. വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട് |

| | | | |
|---|---|---|---|
| ഡി) | വളരെ പഴക്കമുള്ള ആശുപത്രി ലോകോത്തര നിലവാരത്തിലാ ക്കുന്നതിന് വേണ്ടി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിയ്ക്കാനുദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ? | ഡി) | 2016 - 17 ലെ ആദ്യ ബഡ്ജറ്റിൽ തിരുവനന്തപുരം ഉൾപ്പെടെയുള്ള മാനസികാരോഗ്യ കേന്ദ്രങ്ങൾ മെച്ചപ്പെടുത്തുന്നതിലേക്കായി 374 ലക്ഷം രൂപ നീക്കിവച്ചിരുന്നു. ഇതിനുപുറമേ 2016 - 17 ലെ പുതുക്കിയ ബഡ്ജറ്റിൽ തിരുവനന്തപുരം മാനസികാരോഗ്യ കേന്ദ്രത്തിന്റെ അടിസ്ഥാന സൗകര്യവികസനത്തിനായി മാസ്റ്റർപ്ലാൻ നടപ്പിലാക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ